(7) മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ് പ്രവർത്തന രഹിതമായതിനെത്തുടർന്ന് നിലമ്പൂരിലേയും വയനാട്ടിലെയും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, മാവൂരിലെ ഗ്രാസിം കമ്പനി കഴിഞ്ഞ ഒരു വർഷക്കാലമായി യഥാർത്ഥത്തിൽ പ്രവർത്തിക്കാതെ കിടക്കുകയാണ്. അവിടെ ക്ലോഷറിനുള്ള ഒരു നോട്ടീസ് മാനേജ്മെന്റ് നൽകി. അതിനെക്കുറിച്ചുള്ള ചർച്ചകളും കാര്യങ്ങളുമെല്ലാം നടന്നു. ഒരു കൊല്ലക്കാലമായി ആ ഫാക്ടറിയിൽ ജോലി ചെയ്യുന്ന മൂവായിരത്തോളം തൊഴിലാളികൾ കഷ്ടപ്പെടുകയാണ്. അവിടത്തെ തൊഴിലാളികളുടെ പ്രധാന വരുമാനമെന്നുപറയുന്നത് വേജസ് ആണ്. ഈ സംസ്ഥാനത്ത് ഇത്തരത്തിലുള്ള വ്യവസായങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ വേതനം നൽകുന്ന ഒരു സ്ഥാപനമാണ് മാവൂരിലിലെ ഗ്രാസിം കമ്പനി. അവിടത്തെ തൊഴിലാളികൾ വേജസിനെക്കാളും കൂടുതൽ ഡിപെൻഡ് ചെയ്യുന്നത് ഓവർടൈം ആണ്.

മി. സ്പീക്കർ : അങ്ങയുടെ നോട്ടീസിൽ നിലമ്പൂരിലെ തൊഴിലാളികളുടെ കാര്യം മാത്രമാണുള്ളത്. അങ്ങ് ഇപ്പോൾ ഉന്നയിക്കുന്ന പ്രശ്നം അതല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ, ആ പോയിന്റിലോട്ട് വരികയാണ്. ആ ഫാക്ടറിയിൽ ഒരു കൊല്ലക്കാലമായി പ്രവർത്തനം നടക്കുന്നില്ല. തൊഴിലാളികൾ ആകപ്പാടെ പ്രയാസത്തിലും കഷ്ടപ്പാടിലുമാണ്. ഏകദേശം മൂവായിരത്തോളം തൊഴിലാളികൾ ആ ഫാക്ടറിയിലുണ്ട്. അതുപോലെ അവിടെ യൂക്കാലിപറ്റസ് മുള എന്നിവ വെട്ടുക, കയറ്റിറക്കുമതി ചെയ്യുക തുടങ്ങിയ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ആയിരക്കണക്കിന് തൊഴിലാളികൾ നിലമ്പൂരിലും വയനാട്ടിലുമുണ്ട്. ആ തൊഴിലാളികൾ നിത്യപട്ടിണിയിലാണ്. ഒരു കൊല്ലക്കാലത്തും ഉണ്ടാകാത്ത തരത്തിലാണ് അവിടത്തെ തൊഴിലാളികൾ ദുരിതമനുഭവിക്കുന്നത്. ഗവൺമെന്റ് പല ചർച്ചകളും നടത്തി. ആ ചർച്ചകൾ കൊണ്ടൊന്നും ഒരു പ്രയോജനവും ഉണ്ടായിട്ടില്ല. ആ കമ്പനി അടിയന്തിരമായി തുറപ്പിക്കാനുള്ള നടപടി സർക്കാർ കൈക്കൊള്ളണം. അതിനുള്ള രണ്ട് മാർഗ്ഗങ്ങളുണ്ട്. ഒന്നുകിൽ മാനേജ്മെന്റിനെ നിർബന്ധിക്കാൻ സർക്കാരിന് കഴിയണം. അതിന് കഴിയുന്നില്ലെങ്കിൽ കമ്പനി ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകണം. അതിന് വേണമെങ്കിൽ പറയും, പണ്ട് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ കാലത്ത് ഒരു നിയമം കൊണ്ടുവന്നു, ഹൈക്കോടതി തള്ളിയെന്ന്. അഞ്ച് കൊല്ലക്കാലത്തേക്ക് മാനേജ്മെന്റ് ഏറ്റെടുക്കാനുള്ള നിയമമായിരുന്നു. ഇൻഡസ്ട്രീസ് ഡവലപ്പമെന്റ് ആക്ട് എന്നു പറയുന്ന സെൻട്രൽ ആക്ടിലെ ഷെഡ്യൂളിൽ വരുന്ന വ്യവസായമായതുകൊണ്ട് മാനേജുമെന്റ് ടേക്കോവർ അസാദ്ധ്യമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ഉൾപ്പെടുന്ന ഡിവിഷൻ ബഞ്ചിന്റെ വിധിയനുസരിച്ച് അക്വിസിഷനും റിക്വിസിഷനും അസാദ്ധ്യമാണ്. അന്നത്തെ സാഹചര്യമല്ല ഇന്നുള്ളത്. അന്ന് കമ്പനി അതിനെതിരായിരുന്നു. ഇന്ന് കമ്പനി ക്ലോഷറിന് വേണ്ടി പോയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : നിലമ്പൂരിലെ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടതാണ് പ്രശ്നം.

ശ്രീ. ആര്യാടൻ മുഹമ്മദ് : മാവൂരിലെ മൂവായിരം തൊഴിലാളികളുടേയും നിലമ്പൂരിലും വയനാടുമുള്ള മൂവായിരത്തിൽപ്പരം തൊഴിലാളികളുടേയും കാര്യമാണ് ഞാൻ പറയുന്നത്. എനിക്ക് നിലമ്പൂരിലെ തൊഴിലാളികളെപ്പോലെ പ്രധാനമാണ് മാവൂരിലെ തൊഴിലാളികളും.

മി. സ്പീക്കർ : അങ്ങയുടെ നോട്ടീസിൽ നിലമ്പൂരിലെ തൊഴിലാളികളുടെ കാര്യം മാത്രമാണുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : മാവൂരിലെ തൊഴിലാളികൾക്ക് ജോലിയില്ലാത്തതുകൊണ്ടാണ് നിലമ്പൂരിലെ തൊഴിലാളികൾക്ക് ജോലിയില്ലാതെയായത്. മാവൂരിലെ തൊഴിലാളികൾക്ക് ജോലി ഉണ്ടാക്കി കൊടുത്താലേ നിലമ്പൂരിലെ തൊഴിലാളികൾക്ക് ജോലി ഉണ്ടാകൂ. അതുകൊണ്ടാണ് ഞാൻ രണ്ടുംകൂടി കണക്ട് ചെയ്ത് പറയുന്നത്. എനിക്ക് മാവൂരിലെ തൊഴിലാളികളും നിലമ്പൂരിലെ തൊഴിലാളികളും ഒന്നുപോലെയാണ്. ഇത് വെറും ചർച്ചയിലൊതുക്കികൊണ്ട് പോകുന്നത് ശരിയല്ല. മാവൂരിലെയും നിലമ്പൂരിലെയും വയനാട്ടിലെയും തൊഴിലാളികളെ രക്ഷിക്കാനുള്ള അടിയന്തിരനടപടി കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, മാവൂർ ഗ്രാസിം കമ്പനിയുടെ പൾപ്പ് ഡിവിഷനും സ്റ്റേഫിൾ ഫൈബർ ഡിവിഷനും അടച്ചുപൂട്ടുന്നതിന് അനുവാദം തേടി ഗ്രാസിം മാനേജുമെന്റ് 23-8-1999-ൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ 25-ാം വകുപ്പുപ്രകാരം സർക്കാർ മുൻപാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഗുണനിലവാരമുള്ള അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം, അന്തരീക്ഷമലിനീകരണ പ്രശ്നങ്ങൾ തൊഴിലാളികളുടെ ശമ്പള വർദ്ധനവിനായുള്ള സമ്മർദ്ധം, വൈദ്യുതി നിരക്കിലുണ്ടായ വർദ്ധന, കമ്പനിയുടെ സാമ്പത്തിക നഷ്ടം എന്നിവയാണ് അടച്ചുപൂട്ടലിനുള്ള കാരണങ്ങളായി മാനേജുമെന്റ് പറയുന്നത്. മാനേജുമെന്റിന്റേയും ട്രേഡ്യൂണിയൻ പ്രതിനിധികളുടെയും വാദം കേട്ടശേഷം 16-10-1999-ലെ നമ്പർ 23084/എ3/99/തൊഴിൽ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ അപേക്ഷ നിരസിച്ചു. ഈ ഉത്തരവിനെതിരെ കമ്പനി മാനേജുമെന്റ് 6-11-1999-ൽ റിവ്യൂ പെറ്റീഷൻ സർക്കാരിന് സമർപ്പിച്ചു. റിവ്യൂ പെറ്റീഷനിൽ മാനേജുമെന്റിന്റേയും തൊഴിലാളികളുടെയും വാദം കേട്ടശേഷം തൊഴിൽ വകുപ്പുസെക്രട്ടറിയുടെ 2-8-2000-ലെ നമ്പർ 29131/എ3/99/തൊഴിൽ നടപടിക്രമം പ്രകാരം റിവ്യൂ പെറ്റീഷൻ നിരസിക്കുകയും തർക്കസംഗതി കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി അഡ്ജൂഡിക്കേഷനായി വിടുകയും ചെയ്തു. ഫാക്ടറി തുറന്നുപ്രവർത്തിക്കുവാനായി മാനേജുമെന്റ് പ്രതിനിധികളുമായി ഗവൺമെന്റ് പലപ്രാവശ്യം ചർച്ച നടത്തുകയുണ്ടായി. ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുവാനുള്ള സാധ്യതയെക്കുറിച്ച് പഠനംനടത്തി വ്യവസായവകുപ്പു സെക്രട്ടറി തലവനായ ഒരുകമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടായിരുന്നു. ബന്ധപ്പെട്ട വകുപ്പുകളുടെ ഉദ്യോഗസ്ഥരും ഗ്രാസിം മാനേജുമെന്റ് പ്രതിനിധികളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായവകുപ്പ് , തൊഴിൽവകുപ്പ്, ധനകാര്യവകുപ്പ് എന്നി മന്ത്രിമാരും ചർച്ച നടത്തിയിട്ടും മാനേജുമെന്റ് മാവൂർ യൂണിറ്റിനെ കമ്പനിയിൽ നിന്നു വിടർത്തുവാൻ കമ്പനി നിയമം 391, 394 വകുപ്പുകളനുസരിച്ച് നടപടികൾ എടുത്തുവരുന്നതായി മനസ്സിലാക്കുന്നു. മധ്യപ്രദേശ് ഹൈക്കോടതിയിലെ ഇൻഡോർ ബഞ്ചിലുള്ള ഈ കേസിൽ കേരള സർക്കാരും കക്ഷി ചേരുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികളുടെ തുടർന്നുള്ള ജോലി ഉറപ്പുവരുത്താൻ നിയമപരമായ എല്ലാ നടപടികളും സർക്കാർ എടുത്തിട്ടുണ്ട്. കമ്പനി തുറന്നുപ്രവർത്തിക്കുന്നതോടെ കമ്പനിയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കും മരവും മുളയും വെട്ടുകയും കയറ്റിറക്കുമതി ജോലിയിലേർപ്പെട്ടിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്കും തൊഴിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കമ്പനികളെ അവരെകൊണ്ടുതന്നെ നടത്തിക്കുക എന്നതാണ് സർക്കാരിന്റെ നയം. ഉള്ള കമ്പനികളെല്ലാം ഏറ്റെടുക്കാൻ തുടങ്ങിയാൽ സർക്കാർ വിഷമത്തിലാകും. ഇപ്പോൾ ഇൻഡോർ കോടതിയിൽ കേസ് ബൈഫർക്കേഷനുള്ള നടപടിയെടുത്തു. നമ്മളും ആ കേസിൽ കക്ഷി ചേരുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. അതിശക്തമായ നടപടികളെടുത്ത് ആ ഫാക്ടറി അവരെകൊണ്ടുതന്നെ നടത്തിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം. അതിനാവശ്യമായ നടപടികൾ തീർച്ചയായും കൈക്കൊള്ളും.

(8) പെരിയാർ നദീജലത്തിൽ ഉപ്പുവെള്ളം കൂടുന്നതുമൂലമുള്ള പ്രതിസന്ധി

ശ്രീ. കെ. മുഹമ്മദാലി : സർ, ഗവൺമെന്റ് അതിവ ഗൗരവമായി എടുക്കേണ്ട ഒരു പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. പെരിയാർ നദിയിൽ ഉപ്പിന്റെ തോത് ആശങ്ക ഉണ്ടാക്കുന്ന തരത്തിൽ വർദ്ധിച്ചു വരികയാണ്. കഴിഞ്ഞ കുറെ കാലങ്ങളായി പെരിയാർ നദിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഇപ്പോൾ എറണാകുളം വിശാല കൊച്ചി മേഖല ഉൾപ്പെടെ എറണാകുളം ജില്ലയിലെ കുടിവെള്ളത്തെ വരെ ബാധിക്കുന്ന വിധത്തിൽ വന്നിരിക്കുകയാണ്. കുറെ കാലമായി കുടിവെള്ളത്തിൽ ഉപ്പിന്റെ രസം ഉണ്ടായി കൊണ്ടിരിക്കുന്നു. ഇത്രയും ഗൗരവമായ ഒരു സാഹചര്യത്തിന് കാരണമായിട്ടുള്ളത് അവിടെ എല്ലാ വർഷവും ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിന് കെട്ടാറുള്ള ബണ്ട് ഇത്തവണ കെട്ടിയിട്ടില്ല. മറ്റൊന്ന് അനിയന്ത്രിതമായ മണൽവാരൽ. ഇത് തടയാൻ ശ്രമിച്ചിട്ടില്ല. അതുപോലെ തന്നെ ഡാമുകൾ, പല സന്ദർഭങ്ങളിലും പുഴയിലെ നിരൊഴുക്ക് നിലനിർത്താനും ജലനിരപ്പ് താഴ്ന്ന് പോകാതിരിക്കാനും സമയാസമയങ്ങളിൽ ഡാമിൽനിന്നുള്ള വെള്ളം തുറന്നു വിടുക എന്നുള്ള ഒരു ധാരണയുണ്ടായിരുന്നു. ആ ധാരണ പാലിക്കാറില്ല. വാട്ടർ മാനേജുമെന്റിന്റെ കാര്യത്തിൽ ഗവൺമെന്റ് ഗൗരവമായ ഒരു സമീപനം സ്വീകരിക്കാറില്ല. അതുപോലെ തന്നെ അധികജല വിനിയോഗം. ഇപ്പോൾ കമ്മീഷൻ ചെയ്യാൻ പോകുന്ന ശുദ്ധജലവിതരണ പദ്ധതികൾ കൂടി വരുമ്പോൾ തന്നെ പെരിയാറിലെ വെള്ളം ഒട്ടും ഇല്ലാതാകുന്ന

LIBRARY ARCHIVES Kerala Legislative Assembly